പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2338 — 9/3/2018 ൽ മറുപടിക്ക്

## ചാവക്കാട് താലൂക്കിൽ വെറ്ററിനറി പോളിക്ലിനിക്

ചോദ്യം

**ശ്രീ.മുരളി പെരുനെല്ലി:**

മറുപടി

**അഡ്വ .കെ.രാജു**

**(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി).**

| | | | |
|---|---|---|---|
| എ) | തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിൽ നിലവിൽ വെറ്ററിനറി പോളിക്ലിനിക്കുകൾ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | താലൂക്കിലെ മുല്ലശ്ശേരി വെറ്ററിനറി ഡിസ്പെൻസറിയെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ നൽകുമോ; | | **ബി)യും സി)യും**<br>ഈ വിഷയം സംബന്ധിച്ച് തൃശ്ശൂർ ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ ഒരു പ്രൊപ്പോസൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് 19/8/2013 ൽ ലഭിക്കുകയും ടി പ്രൊപ്പോസൽ ഡയറക്ടർ സർക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ സർക്കാരിന്റെ അന്നത്തെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നതിനാൽ ടി ആവശ്യം നിരസിക്കുകയും ആയത് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ അറിയിക്കുകയുമുണ്ടായി. |
| സി) | പ്രസ്തുത വെറ്ററിനറി ഡിസ്പെൻസറിയെ റഫറൽ ആശുപത്രിയായി പ്രവർത്തിപ്പിക്കാൻ കഴിയുമെന്നത് പരിഗണിച്ച് പോളിക്ലിനിക്കായി ഉയർത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | | |

സെക്ഷൻഓഫീസർ